## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **03/05/2017 ൽ**

**ചോദ്യം നമ്പർ 1493** **മറുപടിയ്ക്ക്**

### പൊതുജനസമ്പർക്ക മേളകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. റ്റി. വി. രാജേഷ്**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീ. ഇ. പി. ജയരാജൻ**<br>**ശ്രീ. എം. സ്വരാജ്** | | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) നവകേരളത്തിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന നാലു പദ്ധതികൾ സംബന്ധിച്ച് പൊതുജന സമ്പർക്ക മേളകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) സർക്കാർ വിവിധ പരിപാടികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇത്തരം മേളകൾ എപ്രകാരമെല്ലാം സഹായകരമാകുമെന്നാണ് കരുതുന്നത്; | (ബി) | ടി പരിപാടി വഴി ജനങ്ങളിൽ ഗുണപരമായ അവബോധം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ഇതിനായി അച്ചടി, ദൃശ്യ, ശ്രവ്യ, നവ മാധ്യമങ്ങൾ എന്നിവ മുഖേനയുള്ള പരസ്യങ്ങൾ, ബോധവൽക്കരണ പരിപാടികൾ, പ്രദർശനങ്ങൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധ വകുപ്പുകൾ സാമൂഹിക, സാംസ്കാരിക, ബഹുജന സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പ്രസ്തുത പരിപാടി സംഘടിപ്പിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ